## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5747 05.07.2013- ൽ മറുപടിക്ക്

### കാലവർഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കാലവർഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | കാലവർഷക്കെടുതി മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എസ്.ഡി.ആർ.എഫ്)ൽ നിന്നും നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (എൻ.ഡി.ആർ.എഫ്)-ൽ നിന്നും ധനസഹായം നൽകുന്നത് താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്.<br>പ്രകൃതിക്ഷോഭം മൂലം മരണമടയുന്ന വ്യക്തികൾക്ക് 1,50,000/- രൂപയും പ്രകൃതിക്ഷോഭം മൂലം വ്യക്തികൾക്കുണ്ടാകുന്ന 40% മുതൽ 80% വരെയുള്ള വൈകല്യങ്ങൾക്ക് 43,500/- രൂപയും 80% നു മുകളിൽ ഉണ്ടാകുന്ന വൈകല്യങ്ങൾക്ക് 62,000/- രൂപയും ആശുപത്രിയിലെ വൈദ്യ സഹായം ഒരു ആഴ്ചയിൽ കൂടുതൽ ആവശ്യം വരുന്ന വ്യക്തികൾക്ക് 9,300/- രൂപയും ഒരു ആഴ്ചയിൽ കുറഞ്ഞ വൈദ്യ സഹായം ആവശ്യം വരുന്ന വ്യക്തികൾക്ക് 3,100/- രൂപയും വസ്ത്രം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 1,300/- രൂപയും വീട്ട് സാമഗ്രികൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 1,400/- രൂപയും ഭക്ഷണമില്ലാത്ത/പ്രകൃതിക്ഷോഭത്തിൽ ഭക്ഷണ സാമഗ്രികൾ ഒഴുകിപ്പോയവരും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുമായ മുതിർന്നവർക്ക് 30/- രൂപയും കുട്ടികൾക്ക് 25/- രൂപയും നൽകുന്നു.<br>കൃഷിനാശത്തിനുള്ള ധനസഹായം<br>ഒരു ഹെക്ടർ വരെയുള്ള ഭൂമി നാശത്തിന് 8,100/- രൂപയും നദി ഗതിമാറി ഒഴുകുന്നതുമൂലമുള്ള നഷ്ടത്തിന് ഒരു ഹെക്ടർ വരെയുള്ള നാശനഷ്ടത്തിന് 25,000/- രൂപയും ഒരു ഹെക്ടർ വരെയുള്ള മഴ ആശ്രയിച്ചിട്ടുള്ള കൃഷി നാശത്തിന് 3,000/- രൂപയും ഒരു ഹെക്ടർ വരെ ജലസേചനം നടത്തിയിട്ടുള്ള കൃഷിയുടെ നാശത്തിന് 6,000/- രൂപയും ഒരു ഹെക്ടർ വരെയുള്ള വാർഷിക വിളയുടെ നാശത്തിന് 8,000/- രൂപയും ഒരു ഹെക്ടർ വരെയുള്ള പട്ടുനൂൽ കൃഷിയുടെ നാശത്തിന് 3,200/- രൂപയും മഴയെ ആശ്രയിച്ച് ഒരു ഹെക്ടർ വരെയുള്ള കൃഷി നാശത്തിന് 3,200/- രൂപയും മഴയെ |

ആശ്രയിച്ച് ഒരു ഹെക്ടർ വരെയുള്ള കൃഷി നാശത്തിന് ചെറുകിട കർഷകർക്ക് 3,000/- രൂപയും ജലസേചനം വഴിയുള്ള ഒരു ഹെക്ടർ വരെയുള്ള കൃഷി നാശത്തിന് ചെറുകിട കർഷകർക്ക് 3,000/- രൂപയും ജലസേചനം വഴിയുള്ള ഒരു ഹെക്ടർ വരെയുള്ള കൃഷി നാശത്തിന് ചെറുകിട കർഷകർക്ക് 6,000/- രൂപയും എല്ലാത്തരം വാർഷിക വിളകളുടെയും ഒരു ഹെക്ടർ വരെയുള്ള നാശനഷ്ടത്തിന് ചെറുകിട കർഷകർക്ക് 8,000/- രൂപയും നൽകാവുന്നതാണ്.

വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായം

പ്രകൃതിക്ഷോഭം മൂലം എരുമ, പശു, ഒട്ടകം, യാക്ക് എന്നീ മൃഗങ്ങൾക്ക് നാശനഷ്ടങ്ങൾ വന്നാൽ 16,400/- രൂപയും ചെമ്മരിയാട്, കോലാട് എന്നിവയ്ക്ക് നാശനഷ്ടം വന്നൽ 1,650/- രൂപയും ഒട്ടകം, കുതിര തുടങ്ങിയവയ്ക്ക് നാശനഷ്ടങ്ങൾ വന്നാൽ 15,000/- രൂപയും കഴുത, മ്യൂൾ, പശുക്കുട്ടി എന്നീ മൃഗങ്ങൾക്ക് നാശനഷ്ടം വന്നാൽ 10,000/- രൂപയും നൽകുന്നു.

പക്ഷികൾക്ക് നാശനഷ്ടമുണ്ടായാൽ ഒരെണ്ണത്തിന് 37/- രൂപ നിരക്കിൽ പരമാവധി 400/- രൂപ നൽകുന്നു.

പ്രകൃതിക്ഷോഭം മൂലം കന്നുകാലികൾക്ക് കാലിത്തീറ്റ, വലിയ മൃഗങ്ങൾക്ക് ദിവസം 32/- രൂപയും ചെറിയ മൃഗങ്ങൾക്ക് ദിവസം 16/- രൂപയും നൽകുന്നു. പരമാവധി 90 ദിവസം വരെ നൽകാവുന്നതാണ്.

മത്സ്യബന്ധന മേഖലയിലുള്ള നാശനഷ്ടങ്ങൾക്കുള്ള ധനസഹായം

ഭാഗികമായി നാശനഷ്ടം വന്ന ബോട്ടുകൾക്ക് 3,000/- രൂപയും ഭാഗികമായി നാശനഷ്ടം വന്ന വലയ്ക്ക് റിപ്പയർ ചെയ്യുന്നതിനായി 1,500/- രൂപയും മുഴുവനായി നാശനഷ്ടം വന്ന ബോട്ടുകൾക്ക് 7,000/- രൂപയും മുഴുവനായി നാശനഷ്ടം വന്ന വലയ്ക്ക് 1,850/- രൂപയും നൽകുന്നു. ഒരു ഹെക്ടർ വരെയുള്ള മത്സ്യവിത്തുൽപ്പാദന ഫാമിന്റെ നാശനഷ്ടത്തിന് 6,000/- രൂപ (എന്നാൽ സബ്സിഡിയോട് കൂടിയുള്ള കൃഷി ഫാമിന് ധനസഹായം നൽകേണ്ടതില്ല) നൽകാവുന്നതാണ്.

കരകൗശലമേഖലയിലുള്ള നാശനഷ്ടങ്ങൾ

ഉപകരണങ്ങൾ നഷ്ടപ്പെട്ട കരകൗശല വിദഗ്ധന് 3,000/- രൂപയും അസംസ്കൃത വസ്തുക്കൾ നഷ്ടപ്പെട്ട കരകൗശല വിദഗ്ധന് 3,000/- രൂപയും നൽകുന്നു.

ഭവന നഷ്ടത്തിനുള്ള ധനസഹായം

പൂർണ്ണമായും നശിച്ച പക്ക ഹൗസിന് 35,000/- രൂപയും കച്ച വീടിന് 15,000/- രൂപയും

| | | | |
|---|---|---|---|
| | | | ഗൗരവതരമായി നാശനഷ്ടം സംഭവിച്ച പക്കാ വീടിന് 6,300/- രൂപയും കച്ചാ വീടിന് 3,200/- രൂപയും ഭാഗികമായി നശിച്ച പക്കാ വീടിനും കച്ചാ വീടിനും 1,900/- രൂപയും നാശനഷ്ടം വന്ന കുടിലിന് 2,500/- രൂപയും വീടിനോട് ചേർന്ന കന്നുകാലി ഷെഡിന്റെ നാശത്തിന് 1,250/- രൂപയും നൽകുന്നു. |
| (ബി) | നഷ്ടപരിഹാരതുക കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | കേന്ദ്ര സർക്കാരിന്റെ പരിഷ്കരണങ്ങൾ സംസ്ഥാനത്തും നടപ്പിൽ വരുത്തുകയാണ് ചെയ്യുന്നത്. |
| (സി) | നഷ്ടപരിഹാരം വൈകാതെ നൽകുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ? | (സി) | നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം വരാതെ നോക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ